**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1772** **05.02.2019 ൽമറുപടിയ്ക്ക്**

**വാഹനനികുതി കുടിശ്ശിക**

| | ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കൃത്യമായ പരിശോധനയും തുടർനടപടികളും ഇല്ലാത്തതിനാൽ രജിസ്ട്രേഷൻ പുതുക്കാത്ത വാഹനങ്ങളുടെ നികുതി കുടിശ്ശികയിലും പിഴ ഇനത്തിലുമടക്കം മോട്ടോർ വാഹനവകുപ്പിന് കോടിക്കണക്കിന് രൂപ പിരിഞ്ഞു കിട്ടാനുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഇല്ല. മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ കൃത്യമായ പരിശോധനകൾ നടത്തുന്നതുമൂലം രജിസ്ട്രേഷൻ പുതുക്കാത്ത വാഹനങ്ങൾ നിരത്തിൽ ഉപയോഗിക്കുന്നത് വളരെ കുറവാണ്. രജിസ്ട്രേഷൻ കാലാവധി അവസാനിക്കാറായതും ഉപയോഗ ശൂന്യമായതുമായ വാഹനങ്ങൾ പൊളിച്ചുമാറ്റുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ സമർപ്പിക്കുന്നുണ്ട്. |
| (ബി) | 25 വർഷം വരെ പഴക്കമുള്ള കേസുകളിലെ കുടിശ്ശിക മാത്രമായി 2000 കോടിയിൽപരം രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 25 വർഷം വരെ പഴക്കമുള്ള കേസ്സുകളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനു വേണ്ടി സർക്കാർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയതിലൂടെ കുടിശ്ശിക തുക വളരെയധികം പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയതിലൂടെ പൊളിച്ചു മാറ്റപ്പെട്ടതും, ഉപയോഗ ശൂന്യമായതും ആയി നികുതി കുടിശ്ശിക വരുത്തിയ വാഹനയുടമകളിൽനിന്ന് കുടിശ്ശിക തുക വസൂലാക്കുവാൻ കഴിഞ്ഞു |
| (സി) | സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുമ്പോഴും നിയമപ്രകാരം പിരിഞ്ഞു കിട്ടേണ്ട തുക പിരിച്ചെടു ക്കാത്ത സാഹചര്യമുണ്ടോ; വിശദമാക്കാമോ; | (സി) | ഇല്ല |
| (ഡി) | പ്രസ്തുത തുക സമയബന്ധിതമായി പിരിച്ചെടുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ